(ജി) തൊഴിലാളികൾക്ക് പി.എഫ്. ആനുകൂല്യം കിട്ടിയിരുന്നു. ഇപ്പോഴും പി.എഫ്. അഡ്വാൻസും പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ക്ലോഷർ ബനിഫിറ്റും കിട്ടുന്നുണ്ട്. 2003 ഡിസംബർ വരെ ആനുകൂല്യങ്ങൾ കിട്ടിയിരുന്നു. ഇപ്പോൾ ജോലിയും വേതനവുമില്ലാത്തതുകൊണ്ടും, പി.എഫ്. വിഹിതം അടയ്ക്കാത്തതുകൊണ്ടും ആനുകൂല്യങ്ങൾ നൽകുന്നില്ല.

ആത്മഹത്യ ചെയ്ത ചാരായ തൊഴിലാളികളുടെ ആശ്രിതർക്ക് ആനുകൂല്യങ്ങൾ

39 [1342] ശ്രീ. കെ. കെ. ഷാജു:

,, ഉമേഷ് ചള്ളിയിൽ: താഴെക്കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൊഴിൽ നഷ്ടപ്പെട്ടതുമൂലം ആത്മഹത്യ ചെയ്ത ചാരായ തൊഴിലാളികളുടെ ആശ്രിതർക്ക് ആനുകൂല്യങ്ങളും ആശ്രിത നിയമനവും നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട മുൻചാരായ തൊഴിലാളികളുടെ പുനരധിവാസം സർക്കാർ പരിഗണിച്ചുവരികയാണ്.

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അനുവദിക്കപ്പെട്ട തസ്തികകൾ

40 [1343] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അനുവദിക്കപ്പെട്ട തസ്തികകൾ എത്രയാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ഓഫീസിൽ ജോലി ഭാരത്തിനനുസരിച്ച് ജീവനക്കാരില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് 10-3-1997 തീയതിയിലെ ജി. ഒ. (എം.എസ്.) നമ്പർ 24/97/എൽ.ബി.ആർ. എന്ന ഉത്തരവിലൂടെയാണ് അനുവദിച്ചത്. അതിലൂടെ അനുവദിക്കപ്പെട്ട തസ്തികകളുടെ വിവരം ചുവടെ കൊടുക്കുന്നു:

എംപ്ലോയ്മെന്റ് ഓഫീസർ	.. 1
ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ	.. 1

LIBRARY ARCHIVES Kerala Legislative Assembly